"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് -ഭരണപരം-ചങ്ങനാശ്ശേരി എക്സൈസ് കോംപ്ലക്സിന്റെ നിർമ്മാണ ഉദ്ഘാടന ചടങ്ങ് നടത്തിയതുമായി ബന്ധപ്പെട്ട് ചെലവായ തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ് ) വകുപ്പ്**

**സ.ഉ.(സാധാ) നം.77/2026/TAXES തീയതി, തിരുവനന്തപുരം, 20-01-2026**

---

പരാമർശം:- എക്സൈസ് കമ്മീഷണറുടെ 23.12.2025-ലെ ഇ.എക്സ്.സി/6639/2025-എക്സ്.എം.5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചങ്ങനാശ്ശേരി എക്സൈസ് കോംപ്ലക്സിന്റെ നിർമ്മാണ ഉദ്ഘാടനം 10.10.2025-ന് ചങ്ങനാശ്ശേരി ഗവ.ഹൈസ്ക്കൂളിൽ വച്ച് ബഹു.തദ്ദേശ സ്വയംഭരണ-എക്സൈസ് വകുപ്പു മന്ത്രി നിർവ്വഹിച്ചുവെന്നും ടി ചടങ്ങിന്റെ നടത്തിപ്പിന് ചെലവായ 81,625/- രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശിത കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചങ്ങനാശ്ശേരി എക്സൈസ് കോംപ്ലക്സിന്റെ നിർമ്മാണ ഉദ്ഘാടന ചടങ്ങ് നടത്തിയതുമായി ബന്ധപ്പെട്ട് ചെലവായ തുകയുടെ ആധികാരികതയും തുക ചെലവഴിക്കുന്നതിന് നിലവിലെ ചട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ടോ എന്ന കാര്യവും എക്സൈസ് കമ്മീഷണർ ഉറപ്പാക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ ചങ്ങനാശ്ശേരി എക്സൈസ് കോംപ്ലക്സ് ഉദ്ഘാടനത്തിന് ചെലവായ 81,625/ രൂപ (എൺപത്തി ഒന്നായിരത്തി അറുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) നടപ്പു സാമ്പത്തികവർഷത്തെ "2039-00-001-99-34-03 മറ്റിനങ്ങൾ" എന്ന ശീർഷകത്തിലെ ബജറ്റ് വിഹിതത്തിൽനിന്നും ബജറ്റ് ലഭ്യതയ്ക്ക് വിധേയമായി വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

അഡിഷണൽ സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ് -ഇ.ആർ.എസ്.എ) കേരളം,
തിരുവനന്തപുരം.
3.വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിന്).
4.കരുതൽ ഫയൽ / ഓഫീസ് കോപ്പി. ( F3/7/2026-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Jagadish Babu M
സെക്ഷൻ ഓഫീസർ
Date: 20-01-2026 15:16:05